കേരള സർക്കാർ

**ഭരണഭാഷ – മാതൃഭാഷ**

DFTVM/4076/2024-N2

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:18-01-2025
ഇ-മെയിൽ:fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ,
തിരുവനന്തപുരം.

ഡയറക്ടർ,
ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ഫിഷറീസ്-GRFTHS വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യ സംരക്ഷണം ഉറപ്പ വരുത്തുന്നതിന് ക്ലിനിക്കൽ സൈക്കോളജി കൌൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നത്- അറിയിപ്പ് നൽകുന്നത് -സംബന്ധിച്ച്

************

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ഗവണ്മെന്റ് ഫിഷറീസ്റ്റെക്നിക്കൽ ഹൈ സ്കൂളുകളിലെ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് അവരുടെ മാനസിക സമ്മർദം, പരീക്ഷപ്പേടി ഇവ കുറക്കുന്നതിനും അത് വഴി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് കുറക്കുന്നതിനും എല്ലാ സ്കൂളുകളിലും ഓരോ കൌണ്സിലെറുടെ സേവനം ലഭ്യമാക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയത് പ്രകാരം രണ്ടു സ്കൂളുകൾക്ക് ഒരു കൌൺസിലർ എന്ന നിലയിൽ 5 കൌൺസിലര്മാരെ , അധ്യയന കാലത്ത് സ്കൂളിലും, ഒഴിവുസമയത്ത് ഓൺലൈൻ/ഭവന സന്ദർശനം/ സ്കൂൾ ക്യാമ്പുകൾ എന്നിവ മുഖേനയും കൃത്യമായ മാർഗരേഖയിലൂടെ കുട്ടികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കി വർഷം മുഴുവൻ പ്രവർത്തിക്കാൻ താല്പര്യമുള്ള നിശ്ചിത യോഗ്യതയുള്ളവരെ കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 27000/-രൂപ നിരക്കിൽ നിയമിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ജനുവരി 27 വൈകുന്നേരം 5 മണി . തുടർന്ന് ലഭ്യമായ അപേക്ഷ പ്രകാരം പരീക്ഷ/സ്ക്രീൻ ടെസ്റ്റ്/അഭിമുഖം, അസൽ സാക്ഷ്യപത്രങ്ങളുടെ പരിശോധന എന്നിവ തിരുവന്തപുരത്തുള്ള ഫിഷറീസ് ആസ്ഥാനകാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. അപേക്ഷകൾ ചുവടെ ചേർക്കുന്ന വിലാസത്തിൽ ഇ-മെയിൽ മുഖേനയോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

NB:അഭിമുഖത്തിനു പങ്കെടുക്കുന്ന ഉദ്യോഗാര്ധികൾക്ക് TA,DA നൽകുന്നതല്ല .

ഫിഷറിസ് ഡയറക്ടർ

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം -33
fisheriesdirector@gmail.com
ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന വിജ്ഞാപനം വ്യാപക പ്രചാരണത്തിനായി നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരിലോ വകുപ്പ് വെബ് സൈറ്റിലോ ( https://fisheries.kerala.gov.in ) ബന്ധപ്പെടാവുന്നതാണ്

ഫോൺ- 0471-2305042

വിശ്വസ്തതയോടെ,

ABDUL NASAR.B IAS
DIRECTOR OF FISHERIES

കേരള ഫിഷറീസ് വകുപ്പിൻ്റെ കീഴിൽ റസിഡൻഷ്യൽ രീതിയിൽ 9 തീരദേശങ്ങളിലായി പ്രവർത്തിച്ചു വരുന്ന 10 GRFTHS കളിൽ വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം വികസിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനുമായി താഴെ പറയുന്ന യോഗ്യതയും അനുഭവ സമ്പത്തുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യതകൾ

1. പ്രായം 25 നും 45 നും ഇടയിൽ
2. PG in psychology / counselling or Clinical Psychology or MSW (medical and psychiatry)
3. സർക്കാർ മേഖലയിൽ കൗൺസിലിംഗ് നടത്തിയിട്ടുള്ള 3 വർഷത്തെ പ്രവർത്തി പരിചയം
4. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് / മേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന

രണ്ടു സമീപ ജില്ലകൾക്ക് ഒരു കൗൺസിലർ എന്ന രീതിയിലാണ് നിയമനം. സ്കൂൾ പ്രവർത്തി ദിനങ്ങളിലും സ്കൂൾ അവധി സമയത്തും ഓൺലൈൻ/ ഭവന സന്ദർശനം, ക്യാമ്പുകൾ എന്നിവ ഉൾപ്പെടെ സംഘടിപ്പിച്ച് കൗൺസിൽ നടത്തുന്നതിന് കൗൺസിലർ തയ്യാറായിരിക്കണം.